(ബി) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി നടപ്പുസാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി. ശീർഷകമായ '4202-02-800-95-Civil works (P) 2015-16' എന്ന ശീർഷകത്തിൽ ജി.ഒ. (ആർടി.) നമ്പർ 1318/2015/തൊഴിൽ തീയതി 25-9-2015 പ്രകാരം 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി പോകുന്നവരുടെ വിശദപഠനം

311 (1000) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി മറ്റുരാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പോകുന്നവരുടേയും, മറ്റുസംസ്ഥാനങ്ങളിൽനിന്നും തൊഴിൽ തേടി സംസ്ഥാനത്ത് എത്തുന്നവരുടേയും കണക്കുകളും, ഇവർ നേരിടുന്ന തൊഴിൽപരവും, സാമ്പത്തികവും, സാമൂഹികവുമായ ചൂഷണങ്ങളെ സംബന്ധിച്ച എന്തെങ്കിലും പഠനം തൊഴിൽ വകുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ വളർച്ചയും, പ്രവാസികളുടെ പുനരധിവാസത്തിനും, തൊഴിൽ മേഖലയിലെ നൈപുണ്യത്തിനായുള്ള പരിശീലനവും കോഴ്സുകളും തെരഞ്ഞെടുക്കുവാനുമുള്ള ഒരു പഠനത്തിന്റെ പ്രസക്തി ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ വിശദ പഠനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി മറ്റുരാജ്യങ്ങളിലേയ്ക്കും സംസ്ഥാനങ്ങളിലേയ്ക്കും പോകുന്നവരുടെ കണക്ക് തൊഴിൽ വകുപ്പു ശേഖരിച്ചിട്ടില്ല. തൊഴിൽ വകുപ്പിനുവേണ്ടി ഗ്രാമീണ വികസന സാമ്പത്തിക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ ആന്റ് ഫിനാൻസ് (ഗിഫ്റ്റ്) നടത്തിയ പഠനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും 25 ലക്ഷം തൊഴിലാളികൾ കേരളത്തിൽ തൊഴിൽ ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

എംപ്ലോയബിലിറ്റി സെന്ററുകൾ

312 (1001) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly